## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3632** **15.05.2017-ൽ മറുപടിക്ക്**

## പണിയൂർ കടവ് പാലത്തിന്റെ ബലക്ഷയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **(ശ്രീ.ജി.സുധാകരൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരുനാഗപ്പള്ളി-പണിയൂർ കടവ് റോഡിൽ പണിയൂർ കടവ് പാലത്തിന് അടുത്ത കാലത്തായി ബലക്ഷയം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കരുനാഗപള്ളി പണിക്കർകടവ് പാലത്തിന് (ശരിയായ പേര്) ബലക്ഷയം സംഭവിച്ചതായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഡെക് സ്ലാബ്, ബിം, കൈവരികൾ എന്നിവ കാലഹരണപ്പെട്ടിരിക്കുകയാണ് ബീമിന്റെ മുകളിൽ ധാരാളം വിള്ളലുകൾ കാണപ്പെടുന്നുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പാലത്തിലൂടെ അമിതഭാരം കയറ്റിയ ലോറികൾ കടന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നിശ്ചിത അളവിൽ കൂടുതൽ ഭാരംകയറ്റിയ ലോറികൾ ഈ പാലത്തിലൂടെ കടന്നുപോകുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) വിശദമായ പഠനത്തിനുശേഷം അമിത ഭാരം കയറ്റിയ ലോറികൾ പാലത്തിലൂടെ കടന്നുപോകുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) ഈ പാലം അടിയന്തരമായി പരിശോധനകൾ നടത്തി അത്യാവശ്യ അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ബലക്ഷയം വന്ന പാലങ്ങളുടെ വിശദമായ സാങ്കേതിക പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിശദമായ പഠനത്തിന് ശേഷം പാലത്തിന്റെ ബലക്ഷയത്തിന്റെ വ്യാപ്തി അറിയാൻ കഴിയും. അതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ